(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രമുഖ നദികളായ ഭാരതപ്പുഴ, കുന്തിപ്പുഴ, ശോക നാശിനിപ്പുഴ എന്നീ നദികളിലെ വിപുലമായ ജലസേചന സൗകര്യം ഉപയോ ഗപ്പെടുത്തി മലബാറിലെ കാർഷിക പുരോഗതിക്ക് നിറക്കൂട്ട് പകരുവാൻ പദ്ധതിയുണ്ട്. എന്നാൽ കടലുണ്ടിപ്പുഴ, മുറിയക്കണ്ണിപ്പുഴ എന്നീ നദികളിൽ ഇപ്പോൾ പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) ഭാരതപ്പുഴയിൽ വേനൽകാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമവും പാലക്കാട് ജില്ലയിൽ മൊത്തമായി അനുഭവപ്പെടുന്ന വരൾച്ചയും കണക്കി ലെടുത്ത് ഈ ജില്ലയിലെ പുഴകളിലുടനീളം തടയണകളുടെ ഒരു ശൃംഘലതന്നെ തീർക്കണമെന്ന പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭാരതപ്പുഴ യിൽ പറളിയും ലക്കിടി പേരൂരിനും ഇടയിലായി 7 ചെക്ക്ഡാമുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. ശോകനാശിനിപ്പുഴയിൽ തൽക്കാലം ഒരു ചെക്ക് ഡാമിനു മാത്രമേ പദ്ധതിയുള്ളൂ. കുന്തിപ്പുഴയിൽ ആറാട്ടുകടവിലും ചങ്ങലേരി കടവിലും ഓരോ ചെക്ക് ഡാം നിർമ്മിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

തലശ്ശേരി-കുഞ്ഞുച്ചിറ അണക്കെട്ട് പാലം നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ

104 [5365] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കുഞ്ഞുച്ചിറ അണക്കെട്ട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടി ക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കിണറുകൾ കുഴിക്കുവാനായി ധനസഹായം

105 [5369] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എത്ര കിണറുകൾ കുഴിക്കുവാനായി ധനസഹായം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ ശുദ്ധജല വിതരണ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക വകയിരുത്തുകയുണ്ടായിട്ടുണ്ട്;

(ഡി) എത്ര തുക ഇതിൻപ്രകാരം ചെലവഴിക്കുകയുണ്ടായി;

(ഇ) എത്ര പദ്ധതികൾ പൂർത്തീകരിക്കുകയുണ്ടായി; വിശദവിവരം നൽകുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന വിവിധ പ്രദേശങ്ങൾ

106 [5370] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എന്ത് അളവ് ശുദ്ധജലമാണ് ആവശ്യമുള്ളത്;

(ബി) പ്രതിദിനം എന്ത് അളവ് ശുദ്ധജലമാണ് കേരളാ വാട്ടർ അതോറിറ്റി സംസ്ഥാനത്ത് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; ജില്ലയും പദ്ധതിയും തരംതിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത് കഴിച്ച് ബാക്കി അളവ് വെള്ളത്തിന്റെ സ്രോതസ്സ് ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന നഗരങ്ങൾ, ടൗണുകൾ, പഞ്ചായത്തുകൾ എന്നിവ എത്ര ഉണ്ടെന്ന് വെളിപ്പെടുത്തുമോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2001-ലെ സെൻസസ് പ്രകാരം നഗരപ്രദേശങ്ങളിലെ ജനസംഖ്യയ്ക്ക് ശരാശരി 150 എൽ. പി. സി. ഡി. പ്രകാരം 1240 എം. എൽ. ഡി.-യും ഗ്രാമ പ്രദേശങ്ങളിലെ ജനസംഖ്യയ്ക്ക് ശരാശരി 40 എൽ. പി. സി. ഡി. പ്രകാരം 943 എം. എൽ. ഡി.-യും ആണ് ആവശ്യം. സംസ്ഥാനത്തിന് ആകെ ആവശ്യമായ ശുദ്ധജലത്തിന്റെ അളവ് 2183 എം. എൽ. ഡി. ആണെന്ന് കണക്കാക്കാം.

LIBRARY ARCHIVES Kerala Legislative Assembly